(സി) ഫ്ളഡ് റിലീഫ് ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) 2003-2004 വർഷത്തിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേന്ദ്ര സർക്കാർ വിഹിതമായി നല്കിയ തുക താഴെ കാണും പ്രകാരമാണ്.

	തുക ലക്ഷത്തിൽ
2001-02 . .	5295
2002-03 . .	5560
2003-04 . .	5838

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ജി. ഒ. (എം.എസ്.) നമ്പർ 65/2002/ആർ.ഡി. തീയതി, 2-4-2002-ന്റെ അടിസ്ഥാനത്തിലാണ് ഫ്ളഡ് റിലീഫ് ഫണ്ട് അനുവദിക്കുന്നത്. റോഡുകളുടെ പുനരുദ്ധാരണത്തിന് മാനദണ്ഡങ്ങൾ പരിശോധിച്ച് സർക്കാർ ഭരണാനുമതി നല്കുന്നു. കൃഷിനാശത്തിന് പ്രിൻസിപ്പൽ കൃഷി ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കന്നുകാലികളുടെ നാശനഷ്ടത്തിന് ജില്ലാ മൃഗസംരക്ഷണ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ധനസഹായം മാനദണ്ഡങ്ങൾക്ക് അനുസൃതമായി ജില്ലാ കളക്ടർമാർ അനുവദിക്കുന്നു. മരണമടഞ്ഞവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും, വെള്ളപ്പൊക്കത്തിൽ വീടിന് നാശനഷ്ടം സംഭവിച്ചവർക്കും ബന്ധപ്പെട്ട തഹസിൽദാർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം വിതരണം ചെയ്തു വരുന്നു.

(ഡി) അനുബന്ധമായി വച്ചിട്ടുണ്ട്.†

കാലവർഷക്കെടുതികളും ഉരുൾപൊട്ടലും

253 [2307] ശ്രീ. കെ. പി. രാജേന്ദ്രൻ:

„ പി. എസ്. സുപാൽ:

„ മാങ്കോട് രാധാകൃഷ്ണൻ:

„ എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ജൂൺ മാസത്തിനുശേഷം സംസ്ഥാനത്ത് എത്രയിടങ്ങളിൽ കാലവർഷക്കെടുതികളും ഉരുൾപൊട്ടലുകളുമുണ്ടായി; എവിടെയെല്ലാം;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ സ്ഥലങ്ങളിലും നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ മൊത്തം എത്ര രൂപ സഹായമായി ആവശ്യപ്പെട്ടു; എത്ര തുക അനുവദിച്ചു;

(ഡി) ഇതിൽ ഇതുവരെ ലഭിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജൂൺ മാസത്തിനുശേഷം കാലവർഷക്കെടുതികളുടെ ശക്തി കുറഞ്ഞിട്ടുണ്ട്. എങ്കിലും കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം,കോട്ടയം, പാലക്കാട്, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ കാലവർഷക്കെടുതി മൂലം വീടുകൾക്കും, കൃഷിയ്ക്കും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ അയ്യംകുന്ന്, ആറളം വില്ലേജുകളിൽപ്പെട്ട രണ്ടാംകടവ്, കളിത്തട്ടുംപാറ, വാണയപ്പാറത്തട്ട്, തുടിമരം, ഉരുലുംകുറ്റി, ഏഴാംകടവ് എന്നിവിടങ്ങളിലും, കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽപ്പെട്ട ആര്യങ്കാവ് ഭാഗത്തും ഉരുൾപൊട്ടൽ ഉണ്ടായതായി റിപ്പോർട്ടുണ്ട്.

(ബി) തീരദേശമേഖലയിൽ ഉണ്ടായ കടൽക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ നല്കി ദുരിതാശ്വാസ ക്യാമ്പുകളിൽ മാറ്റി പാർപ്പിച്ചിട്ടുള്ളതും സർക്കാർ അനുശാസിച്ചിട്ടുള്ള സഹായധനം നല്കിയിട്ടുണ്ട്. കടൽക്ഷോഭം ഉള്ള മേഖലകളിൽ താല്ക്കാലിക തടയണകൾ നിർമ്മിക്കുന്നതിന് പ്ലാസ്റ്റിക് ചാക്കുകൾ നല്കിയിട്ടുണ്ട്. മറ്റ് അടിയന്തിര ഘട്ടങ്ങളിൽ സഹായങ്ങൾ നല്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൺട്രോൾ റൂം ആരംഭിച്ച് ദുരിതബാധിതർക്ക് ആശ്വാസം എത്തിച്ചിട്ടുണ്ട്. ആവശ്യം വേണ്ട സ്ഥലങ്ങളിൽ സൗജന്യറേഷൻ വിതരണവും നടത്തിവരുന്നു.

(സി,ആന്റ് ഡി) കാലവർഷത്തിന്റെ രൂക്ഷത കുറഞ്ഞിട്ടുള്ള സാഹചര്യത്തിൽ കൂടുതൽ കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടില്ല. പൂർണ്ണ ബഡ്ജറ്റ് പാസ്സായി കഴിഞ്ഞാൽ C.R.F.-ൽനിന്നും കൂടുതൽ തുക കാലവർഷക്കെടുതി മൂലമുള്ള ദുരിതാശ്വാസ പ്രവർത്തങ്ങൾക്കായി അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly